**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 474**
**02.12.2014 ലെ മറുപടിക്ക്**

**<u>അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ആസ്തി വികസന ഫണ്ട്</u>**

| ചോദ്യം.<br>ശ്രീ. എസ്. രാജേന്ദ്രൻ<br>എം.എൽ.എ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് എം.എൽ.എ – എസ്.ഡി.എഫിൽ നിന്നും തുക അനുവദിക്കുന്നതിനു സാധിക്കാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | അടിമാലി ഗ്രാമപഞ്ചായത്തിലെ കാർമൽ മാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എം.എൽ.എമാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. സർക്കാർ/എയിഡഡ് സ്കൂളുകളിൽ എം.എൽ.എ-എസ്.ഡി.എഫിന്റെ മാനദണ്ഡപ്രകാരമുള്ള പ്രവർത്തിയ്ക്കുവേണ്ടി തുക വിനിയോഗിക്കുവാൻ അനുമതിയുണ്ട്. സർക്കാർ/എയിഡഡ് മേഖലയിലല്ലാത്ത സ്കൂളുകൾക്കുവേണ്ടി എം.എൽ.എ-എസ്.ഡി.എഫിൽ നിന്നും തുക വിനിയോഗിക്കുവാൻ മാനദണ്ഡപ്രകാരം അനുമതിയില്ല. അടിമാലി ഗ്രാമപഞ്ചായത്തിലെ കാർമൽ മാതാ സ്പെഷ്യൽ സ്കൂൾ സർക്കാർ/എയിഡഡ് മേഖലയിൽപെടുന്ന സ്കൂളല്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത സ്കൂളിന് തുക അനുവദിക്കുവാൻ സാധിക്കാത്തത്. |
| (ബി) | വികലാംഗരായിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളായതിനാൽ പ്രസ്തുത സ്പെഷ്യൽ സ്കൂളിന് എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | എം.എൽ.എ-എസ്.ഡി.എഫിന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയാൽ മാത്രമേ പ്രസ്തുത സ്കൂളിന് തുക അനുവദിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**